**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

**<u>പരിപത്രം</u>**

സർക്കുലർ നം.80/2021/ധന തീയതി, തിരുവനന്തപുരം, 18/09/2021

വിഷയം: പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 26/05/2011 തീയതിയിലെ 58725/എഫ്.എം.3/2011/ത.സ്വ.വ. നമ്പർ സർക്കുലർ

പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ട്രഷറി അക്കൗണ്ടിൽ നിന്നും മാറ്റി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ സൂചനയിലെ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് അനുമതി നൽകിയിരുന്നു.

2) സർക്കാർ ഈ വിഷയം പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് (STSB) അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്. ഇതിനായി പുതിയ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് (STSB) അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

ii) പ്രസ്തുത സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് വേയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ ബാധകമായിരിക്കില്ല.

iii) ഈ വിഷയത്തിൽ തുടർ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പ് മാത്രം ആയിരിക്കും പുറപ്പെടുവിക്കുക. മറ്റ് വകുപ്പുകൾ ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ / ഉത്തരവ് പുറപ്പെടുവിക്കരുത്.

3) മേൽ നിർദ്ദേശങ്ങൾ 01.04.2022 പ്രാബല്യത്തിൽ നടപ്പിലാക്കേണ്ടതാണ്.

**പ്രദീപ് കുമാർ.ബി**
**ജോയിന്റ്സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

അക്കൗണ്ടന്റ് ജനറൽ (ജി & എസ് .എസ് .എ), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ &ആർ. എസ് .എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
എല്ലാ പ്രാദേശിക സർക്കാരുകൾക്കും
തദ്ദേശ സ്വയം ഭരണ (എഫ് .എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ളിയു -ജെ /ഡെവലപ്.വിംഗ്/എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ-1491850)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ